## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :727** **29.10.2019-ൽ മറുപടിക്ക്**

## മക്കരപ്പറമ്പ സർവ്വീസ് സഹകരണ ബാങ്കിന്റെ സെക്രട്ടറിയായ ശ്രീ. മുഹമ്മദ് ഹനീഫ പെരിഞ്ചീരിയെ സസ്പെന്റ് ചെയ്യാൻ നടപടി

**ചോദ്യം** **മറുപടി**

**ശ്രീ.പി.ടി.എ. റഹീം** **ശ്രീ.കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷനിലെ മുൻ മാനേജിംഗ് ഡയറക്ടറും ഇപ്പോൾ മക്കരപ്പറമ്പ സർവ്വീസ് സഹകരണ ബാങ്കിന്റെ സെക്രട്ടറിയുമായ ശ്രീമുഹമ്മദ് ഹനീഫ പെരിഞ്ചീരിയെ സസ്പെന്റ് ചെയ്യണമെന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | (എ) | ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷനിലെ മുൻ മാനേജിംഗ് ഡയറക്ടറും ഇപ്പോൾ മക്കരപ്പറമ്പ സർവ്വീസ് സഹകരണ ബാങ്കിന്റെ സെക്രട്ടറിയുമായ ശ്രീമുഹമ്മദ് ഹനീഫ പെരിഞ്ചീരിയെ സസ്പെന്റ് ചെയ്യുവാൻ സഹകരണ സംഘം രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിരുന്നു. |
| (ബി) | ഈ സസ്പെൻഷൻ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ; | (ബി) യും (സി) യും | ഇല്ല. സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മക്കരപറമ്പ് സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറിയെ സസ്പെൻഡ് ചെയ്യുന്നതിന് മലപ്പുറം ജോയിന്റ് രജിസ്ട്രാർ(ജനറൽ) ബാങ്ക് പ്രസിഡന്റിന് മതിയായ നിർദ്ദേശം നൽകിയിരുന്നു എങ്കിലും പ്രസ്തുത നിർദ്ദേശം ടി ബാങ്ക് ഭരണസമിതി നടപ്പിലാക്കിയിട്ടില്ല. സഹകരണ നിയമം ചട്ടം 198(6) പ്രകാരം സഹകരണ സംഘം സെക്രട്ടറിയുടെ നിയമനാധികാരി അതാത് സംഘം ഭരണസമിതിയാണ്. നിയമനാധികാരിയായ സംഘം ഭരണസമിതിയാണ് സംഘം സെക്രട്ടറിയെ സസ്പെൻഡ് ചെയ്യേണ്ടത്. കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം, വകുപ്പ് 66 പ്രകാരമുള്ള പരിശോധന, വകുപ്പ് 64 പ്രകാരമുള്ള ആഡിറ്റ്, വകുപ്പ് 68(എ) പ്രകാരമുള്ള അന്വേഷണം എന്നിവയിലൂടെ സഹകരണ സംഘത്തിലെ ഉദ്യോഗസ്ഥൻ സംഘം വിരുദ്ധപ്രവർത്തനം നടത്തി എന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം മാത്രമാണ് കേരള സഹകരണ നിയമം വകുപ്പ് 66(ബി) പ്രകാരം ജീവനക്കാരനെ സസ്പെൻഡ് ചെയ്യുവാൻ കഴിയുകയെന്നും അപ്രകാരമുള്ള സാഹചര്യം |
| (സി) | ഇക്കാര്യം നിലനിൽക്കുന്നതാണോ; ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? | | |

| | | | |
|---|---|---|---|
| | | | നിലവിലില്ലാത്തതിനാൽ സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ടിയാനെ സസ്പെൻഡ് ചെയ്യുന്നതിന് നൽകിയിരുന്ന നിർദ്ദേശം പാലിക്കപ്പെടുന്നതുമായി ബന്ധപ്പെട്ട് സഹകരണ സംഘം രജിസ്ട്രാർ ആവശ്യപ്പെട്ട മാർഗ്ഗനിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**